പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2789 — 21.06.2012 -ലെ മറുപടിക്ക്

## റോഡുകൾ ദേശീയ സ്റ്റാൻഡേർഡിലേക്ക് (എസ്.ആർ.ഐ.പി) ഉയർത്തി പുനരുദ്ധരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). 1000 കി. മീ റോഡുകൾ ദേശീയ സ്റ്റാൻഡേർഡിലേക്ക് (എസ്.ആർ. ഐ.പി) ഉയർത്തി പുനരുദ്ധരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ). സംസ്ഥാന റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിന് 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് ' എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി). ആകെ എത്ര രൂപയാണ് ആയതിനായി നീക്കി വെച്ചിട്ടുള്ളത്; | (ബി). 126.0297 കോടി രൂപയാണ് നടപ്പ് വർഷം പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ളത്. |
| (സി). ആയതിലെ ടെക്നിക്കൽ കൺസൽട്ടന്റായി ആരെയാണ് നിയോഗിച്ചിരിക്കുന്നത്; | (സി). ബാംഗ്ലൂർ ആസ്ഥാനമായുള്ള വിൽബർസ്മിത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനെയാണ് ടെക്നിക്കൽ കൺസൾട്ടന്റ് ആയി നിയോഗിച്ചിരിക്കുന്നത്. |
| (ഡി). എത്ര നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്; മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ഡി). പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ സാങ്കേതിക പഠന റിപ്പോർട്ട് അനുസരിച്ച് 'റീഹാബിലിറ്റേഷൻ' , 'അപ്ഗ്രഡേഷൻ' എന്നീ രണ്ടു പാക്കേജുകളിലായി 1204 കി.മീ. റോഡാണ് നവീകരിക്കുവാനായി ശുപാർശ ചെയ്തിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 551 കി.മീ. ദൈർഘ്യമുള്ള 28 റോഡുകൾ 'റീഹാബിലിറ്റേഷൻ' പാക്കേജിലും ചെറിയ തോതിൽ സ്ഥലമേറ്റെടുക്കേണ്ടി വരുന്ന 653 കി.മീ. ദൈർഘ്യമുള്ള 34 റോഡുകൾ 'അപ്ഗ്രഡേഷൻ' പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകളിലെ ഗതാഗത ബാഹുല്യം, ദേശീയ പാതയും മറ്റു പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്ന് പോകുന്ന പ്രദേശങ്ങളുടെ കാർഷിക, |

വ്യാവസായിക, വിനോദ സഞ്ചാര പ്രാധാന്യം മുതലായ മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്.

(ഇ). **അരൂർ മണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറുകുളം-കൊമ്പനാമുറി റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുവാനുള്ള അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;**

(എഫ്). **ഇല്ലെങ്കിൽ അടുത്ത ഘട്ടത്തിൽ പരിഗണിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?**

(ഇ). & (എഫ്). ശാസ്ത്രീയമായ പഠനത്തിലൂടെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തെരഞ്ഞെടുക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതാണെങ്കിൽ അരൂർ മണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറുകുളം-കൊമ്പനാമുറി റോഡ് പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിഗണിക്കപ്പെടാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**